**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2359** **27-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതു കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തിന്റെ വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജനുവരി 31 വരെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ (1,03,300.69 കോടി രൂപ) 16.78 ശതമാനം പലിശ ഇനത്തിലുള്ള (17,329.25 കോടി രൂപ) തിരിച്ചടവിനായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ എത്ര തുക കടം എടുത്തുവെന്നും കഴിഞ്ഞ സാമ്പത്തികവർഷവും, നടപ്പ സാമ്പത്തികവർഷം നാളിതുവരെയുമുള്ള പ്രസ്തുത കടത്തിന്റെ മാത്രം തിരിച്ചടവ് എത്ര തുകയാണെന്നും അറിയിക്കുമോ? | (ബി) | 2021-22 സാമ്പത്തിക വർഷം സംസ്ഥാനം പൊതുകടയിനത്തിൽ എടുത്തിട്ടുള്ള വായ്പ (തനി) 20292.82 കോടി രൂപയാണ്. ഇതിൽ തിരിച്ചടക്കേണ്ടതില്ലാത്ത വായ്പയായി ലഭിച്ച ചരക്ക് സേവന നികുതിയുടെ നഷ്ടപരിഹാരം ഉൾപ്പെടുന്നില്ല.<br><br>2021-22 സാമ്പത്തിക വർഷവും 2022-23 സാമ്പത്തിക വർഷം ജനുവരി 31 വരെയും സംസ്ഥാനം പൊതുകടയിനത്തിൽ തിരിച്ചടച്ചിട്ടുള്ള വായ്പ യഥാക്രമം 35899.99 കോടി രൂപ, 26498.19 രൂപ വീതമാണ്. മുൻ വർഷങ്ങളിൽ സംസ്ഥാനം എടുക്കുന്ന വായ്പകളുടെ തിരിച്ചടവ് കൂടി ഇതിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ